Subhash. S(Ex-Air Force)
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021
Tele: 2414880

The Chairperson
Kerala Women’s Commission

26.6.2014

Madam,

**വനിതാ സംരക്ഷണ നിയമത്തിന്റെ ദുരുപയോഗം**

എന്റെ അപേക്ഷ സ്വീകരിച്ച് അർഹിക്കുന്ന നടപടികൾ കൈക്കൊള്ളണമെന്ന് അപേക്ഷിക്കുന്നു.

സ്ത്രീകളുടെ സുരക്ഷ ലക്ഷ്യമാക്കി നടപ്പാക്കിയ വനിതാ സംരക്ഷണ നിയമം, സ്ത്രീകളുടെ സഹായത്തോടെ തന്നെ ദുരുപയോഗം ചെയ്യപ്പെടുന്നു.

സ്ത്രീകളുടെ സുരക്ഷ ലക്ഷ്യമാക്കി നടപ്പാക്കിയ നിയമത്തിന്റെ beneficiaries സ്ത്രീകൾ തന്നെ ആയിരിക്കണം. മറ്റ് വ്യക്തിയോ സംഘമോ തങ്ങളുടെ താൽപര്യം സാധിക്കാൻ വേണ്ടി ഈ നിയമം ദുരുപയോഗം ചെയ്യാൻ പാടില്ല.

സാമൂഹ്യ/നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ നൽകുന്ന പരാതി പിൻവലിപ്പിക്കാൻ പൊലീസിന്റെ സഹായത്തോടെ ഈ നിയമം ദുരുപയോഗം ചെയ്യുന്ന അവസ്ഥയിലേയ്ക്ക് അധപ്പതിച്ചിരിക്കുന്നു.

വനിതാ സംരക്ഷണ നിയമപ്രകാരം പൊലീസ് പരാതി സ്വീകരിക്കുമ്പോൾ യഥാർത്ഥ beneficiaries ബന്ധപ്പെട്ട സ്ത്രീകൾ മാത്രം തന്നെയാണെന്ന് ഉറപ്പുവരുത്തേണ്ടത് നിർബന്ധമാക്കണം. സാമൂഹ്യദ്രോഹികളുമായുള്ള nexus, മത/രാഷ്ട്രീയ നേതാക്കളിൽ നിന്നുള്ള pressure എന്നിവ കാരണം പൊലീസ്, ഈ നിയമം ദുരുപയോഗം ചെയ്യുന്നവർക്ക് സഹായിയാവുന്ന സ്ഥിതി മാറണം, അതിന് വേണ്ടി ഒരു amendment തന്നെ അനിവാര്യമായിരിക്കുകയാണ്.

ഗൃഹനാഥൻ ഉണ്ടായിരിക്കേ എതിരാളിയ്ക്കെതിരെ സ്ത്രീകളെക്കൊണ്ട് പരാതി കൊടുപ്പിക്കുക, illegal noise pollution തടയാൻ പരാതി നൽകിയാൽ പൊലീസിന്റെ സഹായത്തോടെ വനിതാ സംരക്ഷണ നിയമം പ്രയോഗിച്ച് കള്ളപരാതി, blackmail എന്നിവയാൽ compromise ആക്കി നിയമവിരുദ്ധമായി loudspeakers ഉപയോഗിക്കുക എന്നിവ ചില ഉദാഹരണങ്ങളാണ്. ഇതിലൊന്നും തന്നെ നിയമപരമായി നടപടിയൊന്നും ഉണ്ടാകാറില്ല, പക്ഷേ അനാവശ്യമായ dirty proceedings, സമയനഷ്ടം, മാനഹാനി എന്നിവ ഉറപ്പാണ്. അതുകാരണം compromise ന് തയ്യാറാവുകയേ തരമുള്ളൂ. മാന്യതയില്ലാതെ ജീവിക്കുന്ന സ്ത്രീകളെ സംഘടിപ്പിച്ച് ഇതിലേയ്ക്കിറക്കാൻ കഴിയുന്ന സാമൂഹ്യദ്രോഹികൾക്ക് പൊലീസിന്റേയും, മത-രാഷ്ട്രീയ നേതാക്കളുടേയും സഹായം കൂടിയാകുമ്പോൾ സാമൂഹ്യ/നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ ഒന്നും ചെയ്യാനാവാത്ത അവസ്ഥ സംജാതമാകുന്നു.

ആയതിനാൽ, ഈ നിയമത്തിന്റെ dignity നഷ്ടപ്പെടാതെ സംരക്ഷിക്കാനും, സ്ത്രീകളുടെ സുരക്ഷയ്ക്ക് വേണ്ടി മാത്രം ഉപയോഗിക്കപ്പെടാനും കഴിയണം. അതിനു വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

Yours truly,

(Subhash.S)